## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2938 07.11.2019 ൽ മറുപടിക്ക്**

**പൊതുമരാമത്ത് വകുപ്പ് സോഷ്യൽ ഓഡിറ്റ്**

**ചോദ്യം**

**ശ്രീ.അബ്ദുൽ ഹമീദ് പി.**

**മറുപടി**

**ശ്രീ.ജി.സുധാകരൻ**
**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)**

(എ) പൊതുമരാമത്ത് വകുപ്പിൽ സോഷ്യൽ ഓഡിറ്റ് നടപ്പാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഇതിനായി ജില്ലാ തലത്തിലും സംസ്ഥാന തലത്തിലും സമിതികളെ നിശ്ചയിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) സമിതിയംഗങ്ങളെ തെരഞ്ഞെടുക്കുന്നതിന്റെ മാനദണ്ഡങ്ങൾ വിശദമാക്കാമോ?

(എ), (ബി) & (സി) പൊതുമരാമത്ത് വകുപ്പിൽ സോഷ്യൽ ഓഡിറ്റ് നടപ്പാക്കിയിട്ടുണ്ട്. 05/01/2018 ലെ സ.ഉ(എം.എസ്) നമ്പർ 1/2018/പൊ.മ.വ പ്രകാരം പൊതുമരാമത്ത് ജില്ലാ സോഷ്യൽ ഓഡിറ്റ് സമിതികൾ രൂപീകരിച്ചിട്ടുണ്ട്.

ജില്ലാ സമിതികളിൽ അതാത് പ്രവൃത്തി സ്ഥലങ്ങളിലെ എം.എൽ.എ, ജനപ്രതിനിധികൾ , ഉദ്യോഗസ്ഥർ എന്നിവർ ചേർന്ന് സമിതികൾ രൂപീകരിക്കുകയും പ്രവൃത്തികളുടെ ഗുണമേന്മ ഉറപ്പുവരുത്തുകയും ചെയ്യുന്നു.

റോഡുകൾ , പാലങ്ങൾ തുടങ്ങിയവയുടെ നിർമ്മാണം സംബന്ധിച്ചിട്ടുള്ള പരാതികൾ പ്രസ്തുത പ്രവൃത്തികൾ നടക്കുന്ന ജില്ലയിലെ സ്ഥിരതാമസക്കാരനായ ഏതൊരാൾക്കും ജില്ലാ സമിതി മുമ്പാകെ നൽകാവുന്നതാണ്.

പരാതി ലഭിച്ച് ഒരു മാസത്തിനകം ജില്ലാ സാമൂഹിക ഓഡിറ്റ് സമിതി പരാതിയിൽ സർക്കാരിന് താഴെ പറയുന്ന ശുപാർശകൾക്ക് റിപ്പോർട്ട് ചെയ്യാവുന്നതാണ്.

(എ) പ്രവൃത്തിയിൽ വന്നിട്ടുള്ള അപാകതകൾ

(ബി) പൊതുമരാമത്ത് ഉന്നത ഉദ്യോഗസ്ഥർ പരിശോധന നടത്തണമെന്ന് ശുപാർശ ചെയ്യുക

(സി) പൊതുമരാമത്ത് വിജിലൻസ് അന്വേഷിക്കണമെന്ന് സർക്കാരിലേയ്ക്ക് ശുപാർശ ചെയ്യുക

(ഡി) സി.റ്റി.ഇ അന്വേഷിക്കണമെന്ന് സർക്കാരിലേയ്ക്ക് ശുപാർശ ചെയ്യുക

(ഇ) ധനകാര്യ അന്വേഷണ വിഭാഗം അന്വേഷിക്കണമെന്ന് സർക്കാരിലേക്ക് ശുപാർശ ചെയ്യുക

(എഫ്) പോലീസ് വിജിലൻസ് അന്വേഷിക്കണമെന്ന് സർക്കാരിലേക്ക് ശുപാർശ ചെയ്യുക

**സെക്ഷൻ ഓഫീസർ**